**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3850** 15.05.2017 ൽ മറുപടിയ്ക്ക്

## പാപ്പാത്തിചോലയിലെ അനധികൃത ഭൂമി കൈയ്യേറ്റം

**ചോദ്യം**
**ശ്രീ.പി.കെ.അബ്ദു റബ്ബ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാർ ചിന്നക്കനാൽ പാപ്പാത്തിചോലയിൽ അനധികൃതമായി ഭൂമി കൈയേറി മെറ്റൽ കുരിശ് സ്ഥാപിച്ചതാണെന്ന ആരോപണത്തിന്റെ പേരിൽ ടി മെറ്റൽ കുരിശ് ജില്ലാ ഭരണകൂടം നീക്കം ചെയ്തിരുന്നോ; എങ്കിൽ ആ നടപടിക്കെതിരെ ആരെങ്കിലും രേഖാമൂലം പരാതി നൽകിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | (എ) ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ സർവ്വെ നമ്പർ 34/1 ൽപ്പെട്ട സർക്കാർ പുറമ്പോക്കിൽ അനധികൃതമായി കയ്യേറി സ്ഥാപിച്ചിരുന്ന മെറ്റൽ കുരിശ് നീക്കം ചെയ്തിട്ടുള്ളതാണ്. അതിനെതിരെ നൽകിയിരുന്ന പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കുരിശ് സ്ഥാപിച്ച പ്രദേശത്തിൽ നിന്നും പോലീസ് രണ്ടാളെ കസ്റ്റഡിയിലെടുത്തിട്ടുണ്ടോ; എന്തു കുറ്റം ആരോപിച്ചാണ് അറസ്റ്റ് ചെയ്തത്; | (ബി) രാജു S/o കുട്ടപ്പൻ (40 വയസ്സ്) പുതുപ്പറമ്പിൽ, വാഴവറ്റ, വയനാട് ജില്ല. (2) സിബി @ സെബാസ്റ്റ്യൻ S/o ആഗസ്തി (39 വയസ്സ്), ഇടശ്ശേരിൽ, രാജകുമാരി എന്നിവർക്കെതിരെ ശാന്തൻപാറ പോലീസ് സ്റ്റേഷൻ CR334/17 U/s IPC 447, 153 A, 34 എന്നീ വകുപ്പുകൾ പ്രകാരം കേസെടുത്ത് കോടതി ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (സി) | കൈയ്യേറ്റമൊഴിപ്പിക്കാൻ ചെന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് തടസ്സമുണ്ടാക്കിയ കുറ്റത്തിന് കേസെടുത്തിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ പേരിൽ; ആരെയൊക്കെ അറസ്റ്റ് ചെയ്തു? | (സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എത്തിയ റവന്യൂ ഉദ്യോഗസ്ഥരെ വാഹനം ഉപയോഗിച്ച് തടസ്സപ്പെടുത്തിയതിന് കെ.ഒ.പൊറിഞ്ചു (KL-46C-739 രജിസ്റ്റർ നമ്പറുള്ള ഒമ്നി വാൻ വാഹനത്തിന്റെ ഉടമ) കാഞ്ഞിരത്തിങ്കൽ വീട്, തൃശ്ശൂർ എന്നയാൾക്കെതിരെ IPC1860 സെക്ഷൻ 353 പ്രകാരം ശാന്തൻപാറ പോലീസ് 324/17 dated 20.04.2017 നമ്പരായി FIR രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

No. 395/P/

MINISTER
(ELECTRICITY)
23 MAR 2017
GOVT. OF KERALA

5 रु. Rs.5 भारत INDIA पाँच रुपये FIVE RUPEES

14230

ബഹുമാനപ്പെട്ട കേരള വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ എം.എം. മണി അവർകൾ മുമ്പാകെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ സൂര്യനെല്ലി കരയിലും പാപ്പാത്തിച്ചോലയിലുമുള്ള വിശ്വാസികളും സ്പിരിറ്റ് ഇൻ ജീസസ് പ്രാർത്ഥനാ കൂട്ടായ്മയും ചേർന്ന് ബോധിപ്പിക്കുന്ന കൂട്ട ഹർജി.

സർ,

3783/PT/M/(Rev)/17

കഴിഞ്ഞ മുപ്പതു വർഷമായി കേരളത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലുമായി യേശുക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുന്ന വിശ്വാസ സമൂഹമാണ് സ്പിരിറ്റ് ഇൻ ജീസസ്. ഈ കൂട്ടായ്മയിൽ പ്രദേശവാസികളും മറ്റനേകം ആളുകളും ഇടവന്ന് പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിച്ച് പോരുന്നതുമാണ്.

ഈ പ്രദേശവാസിയായ മരിയ ലൂയിസെയുടെ വല്യപ്പൻ തന്റെ കൈവശം ഉണ്ടായിരുന്ന പാപ്പാത്തിച്ചോലയിലുള്ള മലയിൽ അന്നുണ്ടായിരുന്ന വിശ്വാസികളും നാട്ടുകാരും ചേർന്ന് അറുപതു വർഷങ്ങൾക്കു മുമ്പ് കുരിശു സ്ഥാപിക്കുകയും നിരന്തരമായി പ്രാർത്ഥനകൾ നടത്തി പോന്നിരുന്നതാണ്.

വൈദ്യുതി വകുപ്പ് മന്ത്രി പരിശോധിച്ചു

DC - ഇടുക്കി

3/4/2017

C/11

നതിലും കേട്ടുപാടുകൾ ചുരുക്കി പണിയു-
ന്നതിനും അവർക്കു സാധിക്കാതെ വന്ന-
പ്പോൾ വർഷങ്ങൾക്കു മുമ്പ് സ്പിരിറ്റ് ഇൻ
ജീസസ് ഇടവകയെ ഏല്പിച്ചു തന്നിട്ടു
ള്ളതാണ്.

എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ
ജന്മഭൂമി ദിനപത്രത്തിൽ കുരിശു സ്ഥാപിച്ച
ഭൂമി കൈയ്യേറ്റം നടത്തിയതായി കൊടുത്ത
വ്യാജ പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ
ഉടുമ്പൻചോല അഡീഷണൽ തഹസിൽദാരുടെ
നേതൃത്വത്തിൽ 16-3-2017-ൽ യാതൊരു
മുന്നറിയിപ്പുമില്ലാതെ എഴുപതോളം പേരടങ്ങുന്ന
സംഘം മലയിൽ കടന്നുവന്ന് കുരിശു
ഭാഗികമായി നശിപ്പിക്കുകയും കുരിശിനെ അവ
ഹേളിക്കുകയും അവിടെ പ്രാർത്ഥനയിലായിരു
ന്ന വിശ്വാസികളെ ഭയപ്പെടുത്തി വിരട്ടിയോടിച്ചു
തുടർന്ന് ഭാഗികമായി തകർത്ത കുരിശ് പൂർണ്ണ
മായി നശിപ്പിക്കുന്നതിന് പോലീസ് സഹാ
യത്തോടെ ജെ സി ബി യുമായി മലയുടെ
അടിവാരത്തെത്തി. ഈ സമയം വിവര-
മറിഞ്ഞ പ്രദേശവാസികളും ഇടവകയിലുള്ള
വരുമായി കൂടെച്ചെന്ന് നശിപ്പിക്കരുതെന്ന്
അപേക്ഷിക്കുകയും ചെയ്തു.

- [illegible]

തിനാൽ ശ്രമം ഉപേക്ഷിച്ച് മടങ്ങിപ്പോ-
കുകയാണ് ചെയ്തത്. തുടർന്നും ദിവസ-
ങ്ങളിൽ ഈ വിഷയത്തിന് ഞങ്ങളുടെ
ജീവനേക്കാൾ വിലമതിക്കുന്ന കുരിശ് സംര-
ക്ഷിക്കുവാനായി അനേകർ കടന്നുവന്ന്
പ്രാർത്ഥനകൾ തുടരുകയാണ്.

ആയതിനാൽ ഈ വിശുദ്ധ
കുരിശിനെ സംരക്ഷിക്കുന്നതിനുവേണ്ട
സഹായ നടപടികൾ സ്വീകരിക്കണമെന്ന്
താഴെ പേരെഴുതി ഒപ്പിടുന്ന പ്രദേശ
വാസികളും സ്പിരിറ്റ് ഇൻ ജീസസ് കൂട്ടാ-
യ്മയിലെ അംഗങ്ങളും താഴ്മയായി അപേ-
ക്ഷിക്കുന്നു.

18-3-2017
[illegible].

ബാബു. പി.ആർ. പാറക്കുഴിയിൽ 9446804227 [signature]
സെബാസ്റ്റ്യൻ. ഇ.റ്റി. ഇടശ്ശേരിയിൽ 9020797184 [signature]
ജ- സി. ജോസഫ് ഇടപ്പറമ്പിൽ 9821025656 [signature]

[signature]
സെക്ഷൻ ഓഫീസർ